**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2904** — **13-12-2022 - ൽ മറുപടിയ്ക്ക്**

**ചിട്ടി ആക്ടിനു വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം നിരോധിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ. വി.എൻ വാസവൻ (സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | ചിട്ടിക്ക് സമാനമായുള്ള നിക്ഷേപ പദ്ധതികൾ ചിട്ടി ആക്ട് പ്രകാരമുള്ള നിബന്ധനകൾ പാലിക്കുകയോ പ്രസ്തുത ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുകയോ ചെയ്യാതെ സംസ്ഥാനത്ത് നടന്നു വരുന്നതായി രജിസ്ട്രേഷൻ വകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;വിശദാംശം നൽകുമോ; | (എ) | ഉണ്ട്. സഹകരണ ബാങ്കുകൾ, കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ എന്നിവയും പല സ്വകാര്യ ചിട്ടി സ്ഥാപനങ്ങളും ചിട്ടി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യാതെ സംസ്ഥാനത്ത് ചിട്ടിക്ക് സമാനമായുള്ള നിക്ഷേപ പദ്ധതികൾ നടത്തി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികൾ ഏതെല്ലാം പേരിലാണ് സംസ്ഥാനത്ത് പ്രചാരത്തിൽ ഉള്ളതെന്ന വിവരം വകുപ്പിൽ ലഭ്യമാണോ; എങ്കിൽ ഇത്തരം പദ്ധതികൾ നടത്തുന്ന സ്ഥാപനങ്ങളെക്കുറിച്ച് ലഭ്യമായ വിവരങ്ങൾ വ്യക്തമാക്കുമോ; | (ബി) | സഹകരണ സ്ഥാപനങ്ങൾ പ്രതിമാസ സമ്പാദ്യ പദ്ധതി (എം.ഡി.എസ്), ജി.ഡി.എസ് (ഗ്രൂപ്പ് ഡെപ്പോസിറ്റ് സ്കീം) എന്നീ പേരുകളിലാണ് ചിട്ടിക്ക് സമാനമായുള്ള നിക്ഷേപ പദ്ധതികൾ നടത്തി വരുന്നത്. പല സ്വകാര്യ ചിട്ടി സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യാതെ ചിട്ടി നടത്തുന്നതായി വിവരം ലഭിച്ചിട്ടുണ്ട്. |
| (സി) | ചിട്ടി ആക്ടിലെ വ്യവസ്ഥകൾ ലംഘിക്കുന്നതിലൂടെ ഇത്തരം ഒരു പദ്ധതിയിൽ നിന്നും സർക്കാർ ഖജനാവിലേക്ക് ലഭിക്കേണ്ട തുക ഏതെല്ലാം ഇനത്തിൽ നഷ്ടം വരുന്നുവെന്ന് വ്യക്തമാക്കുമോ; | (സി) | ഓരോ ചിട്ടിയിലും 18/12/2013 ലെ ജി.ഒ(പി) നമ്പർ 209/2013/ടി.ഡി ഉത്തരവിലെ 'അപ്പെന്റിക്സ് II ടേബിൾ ഓഫ് ഫീസ്' പ്രകാരമുള്ള ഫീസ് സർക്കാരിനു നഷ്ടം വരുന്നതായി കാണുന്നു. |
| (ഡി) | ഇത്തരം പദ്ധതികൾ നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നതിന് രജിസ്ട്രേഷൻ വകുപ്പിന് അധികാരമുണ്ട് ; എത്ര സ്ഥാപനങ്ങൾക്കെതിരെ ഇപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ; | (ഡി) | ചിട്ടി നിയമവുമായി ബന്ധപ്പെട്ടത് എം.ഡി.എസ് നടത്തുന്ന സഹകരണ ബാങ്കുകൾ/സഹകരണ സംഘങ്ങ എന്നിവയ്ക്കെതിരെ നടപടി സ്വീകരിക്കാ രജിസ്ട്രേഷൻ വകുപ്പിന് സാധിക്കുകയില്ല. ചിട്ട നിയമപ്രകാരം രജിസ്റ്റർ ചെയ്യാതെ ചിട്ടിക നടത്തുന്നതായി കണ്ടെത്തിയിട്ടുള്ള സ്വകാര ചിട്ടി സ്ഥാപനങ്ങൾക്കെതിരെ ചിട്ടി നിയ പ്രകാരം ക്രിമിനൽ പ്രോസിക്യൂഷൻ നടപട സ്വീകരിക്കാൻ മേൽ നടപട കൈക്കൊണ്ടിട്ടുണ്ട്. നിലവിൽ ലഭ്യമാ വിവരങ്ങൾ പ്രകാരം സംസ്ഥാനമൊട്ടാകെ പത്തിലേറെ ചിട്ടി സ്ഥാപനങ്ങൾക്കെതിര ക്രിമിനൽ പ്രോസിക്യൂഷൻ നടപടികൾക്ക ശുപാർശ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ചിട്ടി ആക്റ്റിനു വിരുദ്ധമായി പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് രജിസ്ട്രേഷൻ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഇ) | ചിട്ടി ആക്ടിനു വിരുദ്ധമായി പ്രവർത്തിക്കുന്നതായി കണ്ടെത്തിയ സ്ഥാപനങ്ങൾക്കെതിരെ ചിട്ടി നിയമ പ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുവാൻ മേൽ നടപടി കൈക്കൊണ്ടിട്ടുണ്ട്. പൊതു ജനങ്ങളുടെ അറിവിലേക്കായി സംസ്ഥാനത്ത് ചിട്ടി നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ അതാതു സബ് രജിസ്ട്രാർ ഓഫീസിനു കീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ചിട്ടി സ്ഥാപനങ്ങളുടെ വിവരങ്ങൾ അതാതു ഓഫീസിലെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചിട്ടി ഇൻസ്പെക്ടർമാർക്ക് അതാതു ജില്ലകളിൽ പ്രവർത്തിക്കുന്ന ചിട്ടി സ്ഥാപനങ്ങളിൽ പരിശോധന നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുള്ളതും അതു സംബന്ധിച്ച് റിപ്പോർട്ട് പ്രതിമാസ അവലോകന യോഗം സംഘടിപ്പിച്ച് വിലയിരുത്തുകയും ചെയ്തു വരുന്നു. വകുപ്പിന് ലഭിക്കുന്ന പരാതികളിൽ കൃത്യമായ അന്വേഷണം നടത്തുകയും മേൽ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ